**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **06-07-2022 - ൽ മറുപടിയ്ക്ക്**

**യുവജന സംഘടന പ്രവർത്തകരെ മർദിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി സഞ്ചരിച്ച വിമാനത്തിൽ വെച്ച് മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ യുവജന സംഘടനാ പ്രവർത്തകരെ മർദിച്ച ദൃശ്യങ്ങൾ പുറത്തുവന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭരണപക്ഷ മുന്നണി കൺവീനർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തതെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തിന്മേൽ ലഭിച്ച പരാതി പ്രകാരം അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ 1. ഫർസീൻ മജീദ്. 2, നവീൻ കുമാർ 3.സുനിത് നാരായണൻ എന്നിവർ വിമാനത്തിനുള്ളിൽ വെച്ച് മുഖ്യമന്ത്രിയെ ആക്രമിയ്ക്കാൻ ശ്രമിച്ച സമയം വിമാനത്തിനുള്ളിൽ ഉണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനർ ഈ ആക്രമണത്തെ തടയാൻ ശ്രമിക്കുകയുണ്ടായി. ടി സംഭവത്തെ അദ്ദേഹം മർദ്ദിച്ചതായി കാണിച്ച് നിത്യാനന്ദ് കെ.യു, ദിൽജിത്ത് എന്നിവർ ഇ-മെയിൽ മുഖാന്തിരം പരാതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയെ വിമാനത്തിനുള്ളിൽവെച്ച് ആക്രമിയ്ക്കാൻ ശ്രമിച്ച സംഭവത്തിന് ഫർസീൻ മജീദ്, നവീൻ കുമാർ, സുനിത് നാരായണൻ എന്നിവരെ പ്രതിയാക്കി വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം.നം. 511/2022 u/s 120 B, 332, 307, 34 of IPC Sec. 22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec. 11 A of Aircraft Act 1934 & Sec. 3 (1) (a) of Suppression of Unlawful Acts Against Safety of Civil Aviation Act 1982 ആയി കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്. കേസിലെ ഒന്നും രണ്ടും പ്രതികൾ ബഹു.കോടതിയിലോ, പോലീസിലോ, കസ്റ്റഡിയിൽ |

| | | | |
|---|---|---|---|
| | | | ഉണ്ടായിരുന്നപ്പോഴോ ഉത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ല. പ്രതികൾ നടത്തിയ കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനു വേണ്ടിയാണ് മേൽ പ്രകാരമുള്ള പരാതി നൽകിയതെന്ന് ബോധ്യമായതിനാൽ പരാതിയിൽ പരാമർശിച്ചിട്ടുള്ള സംഗതികളിൽ പ്രത്യകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതില്ലായെന്ന് വെളിവായിട്ടുണ്ട്. |
| (സി) | ഭരണപക്ഷ മുന്നണി കൺവീനർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യണമോ എന്ന വിഷയത്തിൽ പോലീസ് നിയമോപദേശം തേടിയിരുന്നോ; എങ്കിൽ പ്രസ്തുത നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ